# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 255 **02.04.2013ൽ** മറുപടിക്ക്

## നെല്ല് സംഭരണം കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ:<br>ശ്രീ. സി. ദിവാകരൻ:<br>ശ്രീമതി ഇ.എസ്.ബിജിമോൾ:<br>ശ്രീ. കെ. രാജു: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ്മന്ത്രി ) |
| (എ) സംസ്ഥാനത്ത് സപ്ലൈകോ എത്ര രൂപ വച്ചാണ് നെല്ല് സംഭരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ; | (എ) സപ്ലൈകോ കി. ഗ്രാമിന് 17 രൂപ വച്ചാണ് നെല്ല് സംഭരിക്കുന്നത്. |
| (ബി) സ്വകാര്യമില്ലുകൾ കൂടിയ വിലയ്ക്ക് നെല്ല് സംഭരണം നടത്തുന്നതിനാൽ സപ്ലൈകോ വഴിയുള്ള സംഭരണം നടക്കുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല; കടുത്ത വരൾച്ച മൂലം നെല്ലുല്പാദനത്തിൽ വൻ കുറവ് സംഭവിച്ചിട്ടുള്ളതിനാലും തൽഫലമായി നെല്ലിന്റെ ആവശ്യം വർദ്ധിച്ചിട്ടുള്ളതിനാലും സംഭരണത്തിൽ കുറവ് വന്നിട്ടുണ്ട്. എന്നിരുന്നാലും സപ്ലൈകോ വഴിയുള്ള നെല്ല് സംഭരണം സുഗമമായി നടക്കുന്നുണ്ട്. സ്വകാര്യമില്ലുകൾ കൂടിയ വിലയ്ക്ക് നെല്ല് സംഭരിക്കുന്നത് സപ്ലൈകോയുടെ സംഭരണം കാര്യക്ഷമമായതുകൊണ്ടാണ്. |
| (സി) കൃഷിച്ചെലവുകളുമായി താരതമ്യം ചെയ്യുമ്പോൾ ഗവൺമെന്റ് പ്രഖ്യാപിച്ച വില അപര്യാപ്തമാണെന്നുള്ള ആക്ഷേപം പരിഹരിക്കുമോ? | (സി) 2012 സെപ്റ്റംബർ മാസത്തിൽ നെല്ലിന്റെ സംഭരണ വില കിലോയ്ക്ക് 2 രൂപ വർദ്ധിപ്പിച്ച് 17 രൂപയാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ